## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 460** — **23-07-2021 - ൽ മറുപടിയ്ക്ക്**

## കാട്ടുപന്നികളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ ലഭിക്കുന്ന പരാതികൾ ജനജാഗ്രതാ സമിതിയിൽ ചർച്ച ചെയ്ത് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പന്നി ശല്യ മുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിൽ അവയെ വെടിവെച്ച് കൊല്ലുന്നതിന് 18/05/2020-ലെ സ.ഉ.(ആർ.ടി.) 111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. തോക്ക് ഉപയോഗിക്കുവാൻ ലൈസൻസ് ഉള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ പാനൽ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-05 - 2021 തീയതിയിലെ സ.ഉ(സാധാ) നം.159/2021/ വനം പ്രകാരം 17/05/2022 വരെ ദീർഘിപ്പിച്ചചിടട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ഇതുവരെയായി ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവെച്ച് കൊന്നിട്ടുണ്ട്. |
| (ബി) | കാട്ടുപന്നികളെ ശല്യ ജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കാട്ടുപന്നികളെ ശല്യജീവി/ ക്ഷുദ്ര ജീവിയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി കാട്ടുപന്നികളെ വന്യജീവി (സംരക്ഷണ) നിയമത്തിലെ അഞ്ചാം പട്ടികയിൽ ഉൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ശുപാർശ സമർപ്പിച്ചുവെങ്കിലും പഞ്ചായത്തിരാജ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 21.12.2020-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേന്ദ്ര സർക്കാരിന് പുതുക്കിയ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി. യോഗ തീരുമാന പ്രകാരം കാട്ടുപന്നികളെ വെർമിൻ ആയി പ്രഖ്യാപിക്കുന്ന തിനുള്ള ശുപാർശ വീണ്ടും, കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |
| (സി) | കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതു മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (സി) | കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതു മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക്, 08.01.2015-ലെ സ.ഉ.(കൈ) നം. 2/2015/വനം ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നഷ്ടപരിഹാരം, നൽകിവരുന്നു. ഇപ്രകാരം നൽകി വരുന്ന നഷ്ടപരിഹാരം കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100 % (പരമാവധി ഒരു ലക്ഷം രൂപ) ആയി 05.04.2018-ലെ സ.ഉ. (കൈ )നം.17/18/ വനം പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ